DESPATCHED
On 20/12/21

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ CP.No.1118(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 20515/SIC-G7/2019

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എം.എം.ജോർജ്, ആൾ ഇൻഡ്യപബ്ലിക് റൈറ്റ്സ് പ്രോട്ടക്ഷൻ ഓർഗനൈസേഷൻ, ഡൈമുക്ക്, വണ്ടിപ്പെരിയാർ. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പീരുമേട് ഗ്രാമപഞ്ചായത്ത് കാര്യാലയം, പീരുമേട് പി.ഒ, അഴുത ബ്ലോക്ക്, ഇടുക്കി – 685 531. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 13.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.09.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.12.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.12.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 23.10.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായിരുന്നു |
| എതിർകക്ഷി | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.എം.എം.ജോർജ്ജ്, 11.12.2019–ൽ സമർപ്പിച്ച പരാതി ഹർജി 13.12.2019–ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.1118(5)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

RIGHT TO INFORMATION

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 13.08.2019–ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്നത്, പീരുമേട് വില്ലേജിൽ, മരിയൻ കോളേജ് ചെക്ക് ഡാമിന് സമീപമായി ബിൽഡിംഗ് പണിയുന്നതിനുവേണ്ടി നൽകിയ അപേക്ഷയുടെ പകർപ്പ്, ടി കെട്ടിടം ഒരു വ്യക്തിയുടേതാണോ, കമ്പനിയുടെ പേരിലാണോ പേരും വിലാസവും ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 6 വിവരങ്ങളായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതനുസരിച്ച് 23.10.2021 ൽ ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ ഇരുകക്ഷികളും ഹാജരാകുകയും ചെയ്തു.

5. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പരാതി ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പറഞ്ഞിട്ടുള്ള കെട്ടിടം ഏതെന്ന് വ്യക്തമല്ലാത്തതിനാൽ ആയതിന്റെ പെർമിറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ലെന്നും കെട്ടിടം ഏതെന്ന് വ്യക്തമാക്കി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കെട്ടിടം ഏതാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും അതിനടുത്തായി വേറെ കെട്ടിടം പണിയുന്നില്ലെന്നും സമയബന്ധിതമായി മറുപടി ലഭ്യമായിട്ടില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന 6 ചോദ്യങ്ങൾക്കും കൂടി ഒരു മറുപടിയാണ്

എസ്.പി.ഐ.ഒ നൽകിയിരിക്കുന്നത്. ടിയാൻ പരാമർശിച്ചിരുന്ന കെട്ടിടം പഞ്ചായത്തിന് കണ്ടുപിടിയ്ക്കാൻ കഴിയുന്നത് തന്നെയാണെന്നുള്ള ഹർജിക്കാരന്റെ മൊഴി കമ്മീഷൻ മുഖവിലയ്ക്കെടുക്കുന്നു. കെട്ടിടം ഏതെന്ന് വ്യക്തമല്ലെന്ന എസ്.പി.ഐ.ഒ യുടെ മറുപടി കമ്മീഷൻ അംഗീകരിക്കുന്നില്ല. ചെക്ക് ഡാമിന് സമീപം അപകടകരമായ രീതിയിൽ പാറപൊട്ടിച്ച് കെട്ടിടം പണിയുന്നതിന്റെ ചിത്രം ഉൾപ്പെടെയാണ് ടിയാൻ പരാതി നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പ്രദേശം നേരിൽ കണ്ട് മനസ്സിലാക്കിയ ശേഷം ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ വിശദമായി പരിശോധിച്ച് ടിയാന് വ്യക്തമായ മറുപടി എസ്.പി.ഐ.ഒ. ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ മാസം 5-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

JN